**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5553** **03-11-2021 - ൽ മറുപടിയ്ക്ക്**

**വനിത-ശിശു വികസന വകുപ്പിൽ ഹെൽപ്പർ തസ്തികയിൽ നിന്നുള്ള ഉദ്യോഗകയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വനിത-ശിശു വികസന വകുപ്പിൽ ഹെൽപ്പർ തസ്തികയിൽ നിന്നും വർക്കറായി ഉദ്യോഗകയറ്റം ലഭിക്കുന്നതിന് 31/05/2017 തീയതി പ്രാബല്യത്തിൽ എത്ര ഐ.സി.ഡി.എസ്. പ്രൊജക്ടുളിലാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ, 14 ജില്ലകളിലുമായി 258 ഐസിഡിഎസ് പ്രൊജക്റ്റുകളാണ് പ്രവർത്തിച്ചു വരുന്നത്. ഇവയിൽ 31/05/2017 പ്രാബല്യത്തിൽ 67 പ്രോജക്ടുകളിൽ ഹെൽപ്പർ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | സർക്കാരിന്റെ 30/04/2018 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31/05/2017-ലെ ലിസ്റ്റ് നിലനിൽക്കവെ എത്ര ഐ.സി.ഡി.എസ്. പ്രൊജക്ടു കളിലേക്കാണ് പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വിവരം നൽകാമോ? | (ബി) | 31/05/2017 ലെ ലിസ്റ്റ് നിലനിൽക്കവെ തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഐസിഡിഎസിൽ മാത്രമാണ് 30/04/2018 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ ലിസ്റ്റുണ്ടാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നം. | ജില്ല | പ്രൊജക്ടുകളുടെ എണ്ണം | 31/05/2017 പ്രാബല്യത്തിൽ ഹെൽപ്പർ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കിയ പ്രൊജക്ടുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 5 |
| 2 | കൊല്ലം | 21 | 11 |
| 3 | പത്തനംതിട്ട | 12 | 9 |
| 4 | ആലപ്പുഴ | 15 | 3 |
| 5 | കോട്ടയം | 15 | 6 |
| 6 | ഇടുക്കി | 13 | 1 |
| 7 | എറണാകുളം | 23 | 1 |
| 8 | തൃശ്ശൂർ | 23 | 3 |
| 9 | പാലക്കാട് | 21 | 0 |
| 10 | മലപ്പുറം | 29 | 11 |
| 11 | കോഴിക്കോട് | 21 | 10 |
| 12 | വയനാട് | 8 | 1 |
| 13 | കണ്ണൂർ | 21 | 3 |
| 14 | കാസർഗോഡ് | 12 | 3 |
| **ആകെ** | | **258** | **67** |

Sd/-
Section Officer